കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.13/1737/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 - 2707698

തീയതി: 05.12.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്. |

******

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/കെ.എൻ.ആർ./സി.13/1737/2018. തീയ്യതി 05.12.2018

## കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01-09-18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ബി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.09.2018 മുതൽ 14.09.2018 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ഷഹീൻ.പി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിസ്മി.എസ്. നായർ (ഓഡിറ്റർ)<br>ശ്രീമതി.ധന്യ .എം. (ഓഡിറ്റർ) |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

പ്രസിഡണ്ട് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.പി.ജെ.മാത്യൂ | 01-04-17 മുതൽ 26-12-17വരെ |
| മുനീറ പാറോൽ | 27-12-17 മുതൽ 22-01-18 വരെ |
| മൈമൂനത്ത്.എം | 23-01-18 മുതൽ 31-03-18 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.വി.ഹരിദാസ് | 1-04-17 മുതൽ 26 -06-17 വരെ<br>07-07-17 മുതൽ 17-08-17വരെ<br>7-9-17 മുതൽ 25-10-17വരെ<br>5-11-17 മുതൽ 28-11-17വരെ<br>6-12-17 മുതൽ 31-03-18 വരെ |
| ശ്രീ .ഉമ്മർ.വി | 27-06-17മുതൽ 6-7-17 വരെ<br>18-08-17 മുതൽ 6-09-17വരെ<br>26-10-17 മുതൽ 4-11-17വരെ<br>29-11-17 മുതൽ 5-12-17വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | തോമസ് മാത്യൂ | 01-04-17 മുതൽ 03-10-17വരെ |
| | സജീവൻ | 04-10-17മുതൽ 22-11-17വരെ |
| | ഗണേശൻ | 23-11-17മുതൽ 31-03-18 വരെ |
| കൃഷി ഓഫീസർ. | താരമോഹൻ | 1-4-17 മുതൽ 25-10-17വരെ |
| | നിഷ ജോസ് | 26-10-17 മുതൽ 31-3-18വരെ |

| | | |
|---|---|---|
| വി.ഇ.ഒ | സുരേന്ദ്രൻ.ടി.വി | 1-4-17 മുതൽ 12-10-17വരെ |
| | ജയപ്രകാശ്.പി.കെ | 13-10-17 മുതൽ 31-3-18വരെ |
| | ശ്രീലത.പി.കെ. | 01-04-17മുതൽ<br>16-06-17വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | മായാജ്യോതി | 17-6-17മുതൽ 28-11-17വരെ |
| | നിഷ.കെ.പി | 29-11-17മുതൽ 14-2-18വരെ |
| | ഗീത ഇല്ലത്ത് | 15-2-18 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.അരുൺ ശങ്കർ | 1-4-17മുതൽ<br>31-3-18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പ്രീത.പി.വി | 1-4-17 മുതൽ<br>31-3-18വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഉമ്മർ.പി | 1-4-17 മുതൽ<br>31-3-18വരെ |
| വെറ്റിനറി സർജൻ | സമീർ.കെ | 1-4-17 മുതൽ<br>31-3-18വരെ |
| ഹെഡ് മാസ്റ്റർ | ഗീത കരിപ്പത്ത് | 1-4-17 മുതൽ<br>31-3-18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദീപ ജോസ് | 1-4-17മുതൽ<br>31-3-18വരെ |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1-പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം - 2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 13 | ഡി ആന്റ് ഒ ലൈസൻസ് : - അപാകങ്ങൾ | 2-1 |
| 14 | വാടക-ബൈലോ തയ്യാറാക്കി-സർക്കാർ അംഗീകാരം വാങ്ങിയില്ല. | 2-2 |

ഭാഗം - 3-ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 15 | റിംഗ് കംപോസ്റ്റ് (വ്യക്തികൾക്ക്)-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് ആനുകൂല്യം നൽകി -ചെലവ് തുക ₹ 72355 തടസ്സപ്പെടുത്തുന്നു. | 3-1 |
| 16 | ബയോ ഗ്യാസ് പ്ലാന്റ് (വ്യക്തിഗതം)-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹ 217800 തടസ്സപ്പെടുത്തുന്നു. | 3-2 |
| 17 | ഭവന പുനരുദ്ധാരണം (എസ്.സി.)-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 375000 രൂ. തടസ്സപ്പെടുത്തുന്നു. | 3-3 |
| 18 | ഭവന പുനരുദ്ധാരണം (ജനറൽ)-അപാകങ്ങൾ :-₹7,75,000/-തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി:-അപാകങ്ങൾ | 3-5 |
| 20 | ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പദ്ധതി നടപ്പാക്കി | 3-6 |
| 21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക നിരക്കിൽ നൽകിയ തുക₹7200/- നിരാകരിക്കുന്നു. | 3-7 |

| | | |
|---|---|---|
| | | |
| 22 | ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയില്ല. | 3-8 |
| 23 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്--രേഖകൾ ഹാജരാക്കിയില്ല.-ചെലവ് തുക₹6800/- തടസ്സപ്പെടുത്തുന്നു | 3-9 |
| 24 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം വിതരണം -രേഖകൾ ഹാജരാക്കിയില്ല.-ചെലവ് തുക₹208500/- തടസ്സപ്പെടുത്തുന്നു | 3-10 |
| 25 | പശുവളർത്തൽ പദ്ധതി- സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ചു, 12500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 26 | ആട്ടുവളർത്തൽ പദ്ധതി- സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ചു 9000/- രൂപ തടസ്സപ്പെടുത്തുന്നു | 3-12 |
| 27 | ആട്ടുവളർത്തൽ പദ്ധതി (എസ്.ടി)- സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ചു. 3000/- രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 28 | മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം-- (ചപ്പാരപ്പടവ് പി.എച്ച്.സി) | 3-14 |
| 29 | മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം-- (ചപ്പാരപ്പടവ് ആയുർവേദ ഡിസ്പെൻസറി) | 3-15 |

| | | |
|---|---|---|
| | | |
| 30 | ടാർവാങ്ങി നല്കി ഒന്നരവർഷം കഴിഞ്ഞിട്ടും റോഡ് പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-16 |
| 31 | കൺവീനർ മുഖാന്തിരം നടത്തിയ പ്രവൃത്തിക്ക് യഥാർത്ഥ നിരക്കിൽ പരിമിതപ്പെടുത്തിയിട്ടില്ല. 50991/- രൂപ അധികം നല്കി. | 3-17 |
| 32 | മരാമത്തു പ്രവൃത്തികൾ - ചെലവ് അടങ്കൽ തുകയുടെ 39.01% തുക മാത്രം | 3-18 |
| 33 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടിലല്ല. | 3-19 |
| 34 | ഉണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ : ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 3-20 |
| 35 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 3-21 |

| ഭാഗം-4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
|---|---|---|
| 36 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ- ഇല്ല | 4-3 |
| 39 | വായ്പ / വായ്പാതിരിച്ചടവ് -ഇല്ല | 4-4 |
| 40 | സ്ഥിര നിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 48 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28-03-17ലെ 25/17 നമ്പർ തീരുമാനം പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.ബജറ്റു പ്രകാരമുള്ള വരവ് ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27776768 |
| വരവ് | 145880000 |
| ആകെ | 173656768 |
| ചെലവ് | 150217000 |
| നീക്കിയിരിപ്പ് | 23439768 |

ബജറ്റ് പുതുക്കിയിട്ടില്ല. കൂടാതെ ബജറ്റിന്റെ പകർപ്പ് ഓഡിറ്റിൽ അയച്ചു തരണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-18 | 17-05-2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-18&14-06-18 | നം. കെ. എസ്. എ കെ .എൻ.ആർ.സി13/1160/2018 തീയ്യതി 31-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33828114 |
| വരവ് | 72624708 |
| ആകെ | 106452822 |
| ചെലവ് | 67936657 |

| | |
|---|---|
| നീക്കിയിരിപ്പ് | 38516165 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18662450 | 18662450 | 15403828 | 3258622 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 2971197 | 2971197 | 2435869 | 535328 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 5998 | 5998 | 5998 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 30867000 | 30867000 | 19203715 | 11663285 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4102000 | 4102000 | 1998049 | 2103951 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 8726590 | 8726590 | 5688734 | 3037856 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 3678043 | 3678043 | 3678043 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 2685 | 613 | 3298 | 2000 | 1298 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 1878172 | 1878172 | 1878172 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 32 | 1178172 | 1178204 | 1176010 | 2194 |
| സമ്പൂർണ്ണ ശുചിത്വം | | 446160 | 123984 | 570144 | 83430 | 486714 |
| ഐ.സി.ഡി.എസ് | | 741249 | 229538 | 970787 | 848562 | 222225 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | | | 12500 | 12500 | 12500 | 0 |
| കേരളോൽസവം | | | 20000 | 20000 | 20000 | 0 |
| മറ്റുള്ളവ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 580964 | 1443260 | 2024224 | 568018 | 1281206 |
| | ജില്ലാ പഞ്ചായത്ത് | 113122 | 308675 | 421797 | 308260 | 415 |
| ബി ഫണ്ട് | | | 54122860 | 54122860 | 54122860 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ്* | | | 10799000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 12418605 | 8451178 | 20869783 | 10458932 | 10410851 |
| | ബാങ്ക് അക്കൗണ്ട് K.G.B) | 747812 | 1849275 | 2597087 | 1288741 | 1308346 |
| | ട്രഷറി അക്കൗണ്ട് | 20380629 | 34833702 | 55214331 | 30178102 | 25036229 |

- ജനറൽ പർപ്പസ് ഗ്രാന്റിനായി പ്രത്യേക അക്കൗണ്ട് ഇല്ലാത്തതിനാൽ മുന്നിരിപ്പ് ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടേ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 13 | 8 | 2249796 | 1198803 | 53.28 |
| അസി.എഞ്ചിനീയർ | 216 | 98 | 84827906 | 33090641 | 39.1 |
| കൃഷി ഓഫീസർ | 11 | 9 | 3694773 | 2466353 | 66.8 |
| വി.ഇ.ഒ | 16 | 15 | 12721419 | 5260005 | 41.35 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 6478200 | 4764916 | 73.55 |
| മെഡിക്കൽ ഓഫീസർ .പി. എച്ച്.സി | 10 | 10 | 1143600 | 1111101 | 97.2 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| അസി.സെക്രട്ടറി | 10 | 9 | 1915700 | 53870198 | 44.86 |
| വെറ്റിനറി സർജൻ | 9 | 9 | 5824000 | 3031000 | 52 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 5 | 5 | 1281000 | 1111866 | 86.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1132550 | 961891 | 84.93 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 121568944 | 163 | 53870198 | - | 137 | 55.67 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

പദ്ധതി ആസൂത്രണം -അവലോകനം

I.ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിൽ ആസൂത്രസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും 16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ 15 അംഗ ആസൂത്രണസമിതി 23-01-17 നം (2/17(1)തീരുമാനപ്രകാര) വർക്കിംഗ് ഗ്രൂപ്പുകൾ 27-01--2017 നമാണ് ( 05/2017 തീരുമാനപ്രകാരം) രൂപീകരിച്ചിട്ടുള്ളത്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ 2 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

ആകെ 13 വർക്കിംഗ് ഗ്രൂപ്പുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

മേൽ പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും പല മീറ്റിംഗുകളിലും അംഗങ്ങളുടെ പ്രാതിനിധ്യം നാമമാത്രമാണ്, കൂടാതെ അജണ്ടയോ തീരുമാനങ്ങളോ മിനുട്സിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുന്നില്ല.

II.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി.ഒ(എംഎസ്)10/2017/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

III.ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ / ഊരുകൂട്ടങ്ങൾ യോഗം ചേരൽ എന്നിതാണ്. ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകളാണുള്ളത്. എല്ലാ ഗ്രാമ സഭകളും 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ഗ്രാമസഭയിൽ സ്ത്രീ പ്രാതിനിധ്യമാണ് കൂടുതലുള്ളത്. പദ്ധതി നിർദ്ദേശങ്ങളും ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

IV.വികസന സെമിനാർ

പദ്ധതി രൂപീകരണത്തിൻെ ഭാഗമായി 29-04-2017 തീയതിയിൽ നടന്ന വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ട്.

V.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

VI.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

VII.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

പഞ്ചായത്തിന്റെ 26-05-2017 ലെ സാധാരണ യോഗത്തിലെ 57 (3)/17 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ആയതിന് 31-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

VIII.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത വെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

IX.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും മോണിറ്ററിംഗ് റിപ്പോർട്ട് നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32 | 1178172 | 1178172 | 1176010 | 2194 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18760094 | 18760094 | 18760094 | 0 |
| ആകെ | 32 | 19938266 | 19938298 | 19936104 | 2194 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52560 | 89 |
| കർഷകതൊഴിലാളി പെൻഷൻ | 6920300 | 2453 |
| വിധവാപെൻഷൻ | 15073500 | 4996 |
| വാർദ്ധക്യകാലപെൻഷൻ | 27840000 | 8608 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 450000 | 15 |
| 50വയസ്സിൽ കൂടുതൽ പ്രായമായ അവിവാഹിതകൾക്കുള്ള പെൻഷൻ | 249100 | 32 |
| വികലാംഗപെൻഷൻ | 3537400 | 1131 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.18 തീയ്യതി 3.30 p.mന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36425/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ജീവനക്കാർക്ക് കൃത്യമായ ചുമതലാവിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ തൻവർഷം 9 തവണ ചേർന്നിട്ടുണ്ട്. ട്രാൻസാക്ഷനുകൾ അതാത് സമയം തന്നെ അക്കൗണ്ട് ചെയ്യുകയും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ആവശ്യമായ സമയങ്ങളിൽ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാഷ് ബുക്ക് - ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തലുകൾ പ്രതിമാസം തയ്യാറാക്കുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതനുസരിച്ച് മൂലധന ചെലവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് പിരിച്ചെടുത്തതിനാൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധന ഉണ്ടാക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-06-18മുതൽ,08606-18വരെ | 1-02-18 മുതൽ31-05-18വരെ | 10-06-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-12-16 മുതൽ 5-01-17വരെ | 2011-12 മുതൽ 2015-16 വരെ | 28-02-17 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് കലക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

2)വാർഷിക ധനകാര്യ പത്രികയിലെ B-11ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള ആസ്തി സംബന്ധിച്ച വിവരം പരിശോധിക്കാനാവശ്യമായ ആസ്തി റജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3)ഡെപ്പോസിറ്റ് റജിസ്റ്റർ പൂർണ്ണമല്ല ആയതിനാൽ B-7ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4)അഡ്വാൻസ് റജിസ്റ്റർ പൂർണ്ണമല്ല.

5)ബി 9 ൽ പെൻഷൻ കോൺട്രിബ്യൂഷനായി കാണിച്ച തുക 54842/- ആണ്. എന്നാൽ വൗച്ചർ പ്രകാരം 52576/- ആണ്.

6)PF ൽ B9 ഷെഡ്യൂളിൽ 1328/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ബാധ്യത

നിലവില്ല്ല.

7)B17 ഷെഡ്യൂളിൽ എം.പി ഫണ്ടിൽ 2922 രൂപ ബാക്കിയുണ്ട്. ഇത് B4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് - അപാകങ്ങൾ

1) ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ചപ്പാരപ്പടവ് പഞ്ചായത്തിൽ മേൽ ചട്ടം പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. തുടർവർഷങ്ങളിൽ ചട്ടത്തിൽ അനുശാസിക്കുന്ന വിധം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) അപേക്ഷകൾ അപൂർണ്ണം

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച ചില അപേക്ഷകൾ മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷിച്ച തീയ്യതി, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ അപൂർണ്ണമായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷയിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 23 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഓരോ പ്രാവശ്യവും എഗ്രിമെൻറ് കാലാവധിക്ക ശേഷം നിലവിലുള്ള വാടകയിൽ 5% വർദ്ധനവ് വരുത്തിയാണ് പ്രസ്തുത കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്. എന്നാൽ ഇത്തരത്തിൽ നിരക്ക് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത്

ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റിംഗ് കംപോസ്റ്റ് (വ്യക്തികൾക്ക്)-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് ആനുകൂല്യം നൽകി -ചെലവ് തുക ₹ 72355 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | :റിംഗ് കംപോസ്റ്റ് (വ്യക്തികൾക്ക്) |
| പ്രൊജക്റ്റ് നമ്പർ | :316/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | :₹596000 (വികസന ഫണ്ട്-പൊതു വിഹിതം സാധാരണ വിഹിതം)<br>₹250 (തനത് ഫണ്ട്)<br>₹596250 (ഗുണഭോക്തൃ വിഹിതം) |
| ആകെ | ₹1192500 |
| ചെലവ്-ബിൽ നമ്പർ/തീയതി/തുക | :(1)13/17-18 /28-03-2018 ₹101007<br>(2)ഗുണഭോക്തൃ വിഹിതം ₹101088 |
| ആകെ | ₹202095 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ (സ്പിൽ ഓവർ പ്രൊജക്ട്) 81 വ്യക്തിഗത ഗുണഭോക്താക്കൾക്ക് റിംഗ് കംപോസ്റ്റ് വാങ്ങുന്നതിന് 50% തുക സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സബ്സിഡി നൽകിയ ഗുണഭോക്താക്കളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് നം. |
|---|---|---|
| 1 | ദേവസ്യ സി.കെ. | 1 |
| 2 | ജോർജ്ജ് എൻ.ജി. | 1 |
| 3 | മോളി തോമസ് | 1 |

| | | |
|---|---|---|
| 4 | രജിത പി.പി. | 1 |
| 5 | ജെയ്സൻ ജോർജ്ജ് | 2 |
| 6 | അലക്സാണ്ടർ എം.വി. | 2 |
| 7 | സജി ആന്റണി | 2 |
| 8 | ശരീഫ പി.എം. | 2 |
| 9 | അഷ്റഫ് എ.എം. | 2 |
| 10 | നിസ്സാർ പി. | 2 |
| 11 | ഖദീജ പി. | 2 |
| 12 | ആയിഷ എ.എം. | 2 |
| 13 | ചേക്കുട്ടി മൊയ്തു | 2 |
| 14 | ആന്റണി നടുവിലത്ത് | 4 |
| 15 | കുര്യൻ കെ.ഒ. | 4 |
| 16 | നാരായണി കെ. | 5 |
| 17 | സജി ഓതറ | 6 |
| 18 | ബിജോ ജെയിംസ് | 7 |
| 19 | റെജി ജോസ് | 7 |
| 20 | ബെന്നി ജോസഫ് | 7 |
| 21 | ജോർജ്ജ് ജോസഫ് | 7 |

| | | |
|---|---|---|
| 22 | മോഹനൻ എം.എസ്. | 7 |
| 23 | ചാലിൽ അനന്തൻ | 9 |
| 24 | ശൈലജ ഭാസ്കരൻ | 11 |
| 25 | സിന്ധു വാഴയിൽ | 13 |
| 26 | സുശീല കെ.വി. | 13 |
| 27 | രാമകൃഷ്ണൻ കെ. | 15 |
| 28 | ജയേഷ് വി.ആർ. | 16 |
| 29 | ടോമി മാത്യു | 18 |

തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നുണ്ടെങ്കിൽ ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്. തദ്ദേശസ്ഥാപന തലത്തിലുള്ള അടിസ്ഥാന ലിസ്റ്റിൽ നിന്നും മാറ്റങ്ങൾ വരുത്തു ന്നുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകാരവും വാങ്ങേണ്ടതാണ്.കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 29 ആളുകൾക്ക് നൽകിയ റിംഗ് കംപോസ്റ്റിന്റെ ചെലവ് തുക ₹72355 (29x2495) തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/13.09.2018) ഗ്രാമസഭ അംഗീകരിച്ച സപ്ലിമെന്ററി ലിസ്റ്റും മോണിറ്ററിംഗ് റിപ്പോർട്ടും സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ബയോ ഗ്യാസ് പ്ലാന്റ് (വ്യക്തിഗതം)-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹ 217800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :ബയോ ഗ്യാസ് പ്ലാന്റ് (വ്യക്തിഗതം) |
| പ്രൊജക്ട് നമ്പർ | :135/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

| | |
|---|---|
| അടങ്കൽ | :₹87300 (വികസന ഫണ്ട്-പൊതു വിഹിതം സാധാരണ വിഹിതം)<br>₹283500 (കേന്ദ്രാവിഷ്കൃത പരിപാടി)<br>₹141750 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ/ചെക്ക് നം.തീയതി?തുക | :(1)3/17-18 30-06-2017 ₹54450<br>(2)SB/SC No.3035081 19-09-2017 ₹163350 |
| ആകെ | ₹217800 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ടിൽ (സ്പിൽ ഓവർ പ്രൊജക്ട്) 25 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റ് വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്.

1.സബ്സിഡി നൽകിയ ഗുണഭോക്താക്കളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് നം. |
|---|---|---|
| 1 | പ്രസന്ന കൃഷ്ണൻ, പുതിയപുരയിൽ | 4 |
| 2 | ഫാത്തിമ കെ, കൊച്ചുവേലിക്കകത്ത് | 11 |
| 3 | തോമസ് ആന്റണി, മുതുകാട്ടിൽ | 3 |
| 4 | രാധ ഇ, തലവിൽ | 1 |
| 5 | ഷൈജു ടി.സി. | 17 |
| 6 | സണ്ണി ജോസഫ് | 3 |

| | | |
|---|---|---|
| 7 | നസീബ കെ. | 11 |
| 8 | ബാലകൃഷ്ണൻ കെ. | 11 |
| 9 | മറിയാമ്മ എളുക്കുന്നേൽ | 11 |
| 10 | പ്രസാദ് കെ.ആർ. | 8 |

തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ എന്തെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നുണ്ടെങ്കിൽ ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്. തദ്ദേശസ്ഥാപന തലത്തിലുള്ള അടിസ്ഥാന ലിസ്റ്റിൽ നിന്നും മാറ്റങ്ങൾ വരുത്തു ന്നുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകാരവും വാങ്ങേണ്ടതാണ്.

2.ബയോഗ്യാസ് പ്ലാന്റ് വാങ്ങിയ ഇനത്തിൽ എമറാൾഡ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയ 217800/-രൂപയുടെ കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല.

3.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4.ബയോ ഗ്യാസ് പ്ലാന്റ് ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്തതായി തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹217800 തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് (നം.17 തീയതി 13.09.18) വിശദമായ മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-3 ഭവന പുനരുദ്ധാരണം (എസ്.സി.)-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 375000/- രൂ. തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :ഭവന പുനരുദ്ധാരണം (എസ്.സി.) |
| പ്രൊജക്ട് നമ്പർ | :29/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | :₹375000 (വികസന ഫണ്ട്-എസ്.സി.പി.) |
| ബിൽ നമ്പർ | :(1)5/17-18, 24-01-2018 ₹175000<br>(2)7/17-18, 23-03-2018 ₹200000 |
| ആകെ | ₹375000 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ടിൽ 5

ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം ഭവനപുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രേഖകളുടെ അഭാവത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | കെട്ടിടനം./വാർഡ് നം. | പരിശോധനയ്ക്ക് ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ശോഭന സി. | 259/18 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 2 | രവി കെ.ആർ | 307/6 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 3. | നാരായണൻ കെ. | 403/17 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 4. | ഓമന കെ. | 383/3 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 5. | അജിത ടി. | 579/16 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>3.മോണിറ്ററിംഗ് റിപ്പോർട്ട് |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹375000 തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 17 തീയതി 13.09.18) രേഖകൾ ഉടൻ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 3-4 ഭവന പുനരുദ്ധാരണം (ജനറൽ)-അപാകങ്ങൾ ₹7,75,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :ഭവന പുനരുദ്ധാരണം (ജനറൽ) |
| പ്രൊജക്ട് നമ്പർ | :28/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | :₹522000/- (വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം)<br>₹478000 (തനത് ഫണ്ട്) |
| ആകെ | ₹1000000 |
| ബിൽ നമ്പർ/റിക്വസിഷൻ നം. | :(1)4/17-18 : 06-01-2018 ,₹422000<br>(2)6/17-18- 23-03-2018,₹100000<br>(3)17190952002801214142 , 19-03-2018 , ₹253000(തനത് ഫണ്ട്) |
| ആകെ | ₹775000 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ 20 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ഭവന പുനരുദ്ധാരണത്തിന് നൽകുക എന്ന ലക്ഷ്യം വിഭാവനം ചെയ്തിട്ടുള്ളതാണ്. ഇതിൽ 11 ആളുകൾക്ക് മുഴുവൻ തുകയും 9 ആളുകൾക്ക് ഒന്നാം ഗഡുവും (₹25000) നൽകി. എന്നാൽ താഴെ പറയുന്ന രേഖകളുടെ അഭാവത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | കെട്ടിടനം./വാർഡ് നം. | പരിശോധനയ്ക്ക് ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ഡോംസി മാത്യു | 544/8 | 1.വരുമാന സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | 2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>3.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>4.മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് |
| 2 | തോമസ് പൗലോ | 103/9 | 1.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>2.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 3. | കെ.പി.അസ്മ | 310/11 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 4. | സ്മിത സുരേഷ് | 183/6 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 5. | വിലാസിനി എ.ആർ | 294/7 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 6 | ചന്ദ്രൻ പി.കെ | 106/5 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 7 | ചിയ്യേയി എം.വി. | 204/15 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 8 | ദേവകി എ. | 441/13 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 9 | ആയിഷ പി. | 95/10 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ്<br>3.മോണിറ്ററിംഗ് റിപ്പോർട്ട് |
| 10 | ഷിജി തോമസ് | 265/17 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 11 | മേരി നിരപ്പിൽ | 428/4 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ<br>2.വാല്യുവേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 12 | ശാന്ത | 534/16 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 13 | ആന്റണി ഓലിക്കര | 254/1 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 14 | സൈനബ കെ. | 222/2 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 15 | ആയിഷ വി. | 207/18 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 16 | ആയിഷ എം.പി. | 642/12 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 17 | നളിനി സജി | 298/14 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 18 | യശോദ കെ.വി. | 248/3 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |
| 19 | ഫിലോമിന എം.ടി. | 141/11 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |

| | | | |
|---|---|---|---|
| 20 | സുബൈദ കെ. | 459/10 | 1.കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖ |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹7,75,000 തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് (നം.17 തീയതി 13.09.18) രേഖകൾ ഉടൻ സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 3-5 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| പ്രൊജക്ട് നമ്പർ | 39/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 961891 |
| ബിൽ നമ്പർ/തിയതി | 1/18,13.03.18 506373/- |
| ടി.എസ്.ബി ചെക്ക് നം./തീയതി | 3035505/26.03.18. 169758/-<br>3035506/31.03.18. 285760/- |
| ആകെ | ₹961891 |

സർക്കാർ ഉത്തരവ് (എം.എസ്)നം.80/ത.സ്വ.ഭ.വ. തീയതി 03.04.17 (സബ്സിഡി മാർഗ്ഗരേഖ) ഖ.8.2.8 പ്രകാരം പ്രകാരം പാലിന് ലിറ്ററിന് നാലു രൂപ പ്രകാരം (ഡിപ്പാർട്ട്മെന്റ് വിഹിതമായ ഒരു രൂപ ഉൾപ്പെടെ) സബ്സിഡി നൽകാവുന്നതാണ്. മേൽ ഉത്തരവിലെ ഖ.2.17 അനുസരിച്ച് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതു വിഭാഗത്തിന് 30,000/- രൂപയാണ് .എന്നാൽ മേൽ പ്രൊജക്ടിൽ ക്ഷീരവികസന വകുപ്പ് നൽകുന്ന സബ്സിഡി ഉൾപ്പെടാതെ തന്നെ ക്ഷീരകർഷർക്ക് 30,000/- രൂപ സബ്സിഡി

അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീരകർഷകന്റെ പേര് | ക്ഷീരസംഘത്തിന്റെ പേര് | ആകെ പാലളവ് (ലിറ്ററിൽ) | ഗ്രാമപഞ്ചായത്ത് അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഡൊമനിക് | എടക്കോം ക്ഷീരസംഘം | 9468 | 30193<br>(193 രൂപ തിരിച്ചടച്ചു)<br>(5996x3+1683x3+1789x4) |
| 2 | എം.വി നിഷ | കുവേരി ക്ഷീരസംഘം | 9974 | 30254<br>(256 രൂപ തിരിച്ചടച്ചു)<br>(7031x3+2611x3+332x4) |

മേൽ പറഞ്ഞ വ്യക്തികൾക്ക് ക്ഷീരവികസനവകുപ്പ് മുഖേന അനുവദിച്ച സബ്സിഡി തുകയുടെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ 11.09.2018 തീയതിയിലെ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ക്ഷീര വികസന വകുപ്പ് അനുവദിച്ച സബ്സിഡി തുക സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത വ്യക്തികൾക്ക് വകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമായിട്ടില്ലെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ തന്നെ ധനവിനിയോഗം നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :നാപ്കിൻ വെൻഡിംഗ് മെഷീൻ |
| പ്രൊജക്ട് നമ്പർ | :269/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :ഹെഡ് മാസ്റ്റർ,ജി.എൽ.പി.സ്കൂൾ കുവേരി |
| അടങ്കൽ | :₹300000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി/തുക | :(1) 2/17-18/20.03.18 - ₹197085 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ടിൽ പഞ്ചായത്ത് പരിധിയിൽ വരുന്ന മൂന്ന് സ്കൂളുകൾക്ക് നാപ്കിൻ വെൻഡിംഗ് മെഷീനും അനുബന്ധ സാധനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ബിഷപ്പ് വള്ളോപ്പള്ളി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, പെരുമ്പടവ്, ചപ്പാരപ്പടവ് ഹയർ സെക്കൻഡറി സ്കൂൾ (ഹൈസ്കൂൾ വിഭാഗം), ചപ്പാരപ്പടവ് ഹയർ

സെക്കൻഡറി സ്കൂൾ (ഹയർ സെക്കൻഡറി വിഭാഗം) എന്നീ സ്കൂളുകൾക്കാണ് സാധനങ്ങൾ വാങ്ങി നൽകിയിരിക്കുന്നത്. ഹൈസ്കൂളുകളുടെയും ഹയർ സെക്കന്ററി സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക(വകുപ്പ്166, (1)-ാം ഉപവകുപ്പ് )പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട മേഖല അല്ല. ഇത്തരം സ്കൂളുകളോട് അനുബന്ധിച്ച എൽ.പി., യു.പി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് ഏറ്റെടുക്കാമെങ്കിലും അത് ജില്ലാ പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോടെ ആയിരിക്കണം. എന്നാൽ ഇത്തരത്തിൽ അനുമതി നേടിയിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (2017-18) ജി.ഒ.(എം.എസ്)നം.72/2017/ ത.സ്വ.ഭ.വ, തീയതി 29.03.2017 ഖ.13.3(9) പ്രകാരം യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭര സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ജില്ലാ പഞ്ചായത്ത് ആണ്. മാത്രമല്ല തൻ വർഷം ജില്ലാ പഞ്ചായത്ത് സമാന സ്വഭാവമുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതലയിൽപെട്ട വിഷയങ്ങളിന്മേൽ വരുന്ന പദ്ധതികൾ ഒഴിവാക്കാനും ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപെടുന്ന മേഖലകളിലുള്ള പദ്ധതികൾ രൂപീകരിക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക നിരക്കിൽ നൽകിയ തുക ₹7200/- നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രൊജക്റ്റ് നമ്പർ | 07/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | :₹5,59,000വികസന ഫണ്ട് |
| അടങ്കൽ | ₹1,75,000 ബ്ലോക്ക് വിഹിതം |
| | ₹1,75,000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ആകെ | ₹9,90,000 |
| ചെലവ് | |
| സാങ്ഷൻ ഓഡർ/തിയ്യതി..........തുക | :(1)242/20-03-2018-₹516279<br>(2)ചെക്ക് നം.3035504/20-03-2018 -₹172093 |
| ആകെ | ₹6,88,372 |

പ്രൊജക്റ്റ് അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ് നൽകുകയായിരുന്നു ലക്ഷ്യം. പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ച താഴെ പറയുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 2017-18-ലെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 10.3(4)എ പ്രകാരം (G.O.(P) No.80/17.തീ.03.04.17) അനുവദിക്കാവുന്ന തുകയേക്കാൾ ഉയർന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പഠിക്കുന്ന ക്ലാസ്സ് | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക | കൂടുതലായി അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | നിധിൻ ജോസ് | ബിരുദം | 13000(1000x12+1000 വാർഷിക ബത്ത) | 10600 (800x12+1000) | 2400 |
| 2 | സജന സി. | ബിരുദം | 13000(1000x12+1000 വാർഷിക ബത്ത) | 10600 (800x12+1000) | 2400 |
| 3 | ദൃശ്യ പി.പി | ബിരുദം | 13000(1000x12+1000വാർഷിക ബത്ത) | 10600 (800x12+1000) | 2400 |
| ആകെ | | | | | 7200 |

മാർഗ്ഗരേഖ ലംഘിച്ച് അധിക നിരക്കിൽ അനുവദിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(2) ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമായില്ല.

മേൽ പ്രൊജക്ടിൽ അടങ്കലിൽ 175000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതം കണക്കാക്കിയാണ് പദ്ധതി വിഭാവനം ചെയ്തത്. ജില്ലാ പഞ്ചായത്ത് വിഹിതം ₹1,75,000 ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.പഞ്ചായത്ത് പരിധിയിൽപെട്ട ശാരീരിക മാനസിക വൈകല്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടപ്പെട്ട സാഹചര്യമാണ് ഉണ്ടായത്.ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.20 തീയതി 14.09.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2017-18 വർഷത്തെ ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ പദ്ധതികൾക്ക് ചിലവഴിച്ച തുക മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ 2017-18ലെ ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 3-9 ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-രേഖകൾ ഹാജ രാക്കിയില്ല.-ചെലവ് തുക₹6800/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം.139/18(സ്പിൽ ഓവർ)-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-പ്രൊജക്ടും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 6800 തടസ്സപ്പെടുത്തുന്നു.

## 3-10 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം വിതരണം -രേഖകൾ ഹാജരാക്കിയില്ല.-ചെലവ് തുക₹208500/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം.140/18(സ്പിൽ ഓവർ)-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള മുച്ചക്ര വാഹനം വിതരണം-പ്രൊജക്ടും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 208500 തടസ്സപ്പെടുത്തുന്നു.

## 3-11 പശു വളർത്തൽ പദ്ധതി സബ്സിഡി-- സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ച 12500/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ 30/2018 പശുവളർത്തൽ 2017-18

അടങ്കൽ - 29,00,000/-

വികസനഫണ്ട് ജനറൽ 14,50,000/-

ഗുണഭോക്തൃവിഹിതം 14,50,000/-

ചെലവ്- ബിൽ നമ്പർ 1/30-10-2017 7,25,000

6/15-11-2017 1,75,000

9/06-01-2018 2,50,000

11/25-01-2018 1,75,000

21/28-03-2018 1,25,000

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖ.8.2.1 പ്രകാരം കറവയുള്ള പശുവിനെ വാങ്ങുന്നതിന് 50% സബ്സിഡിയാണ് പരമാവധി അനുവദിക്കാവുന്നത്. എന്നാൽ സബ്സിഡി 50% ൽ പരിമിതപ്പെടുത്താതതിനാൽ താഴെ പറയും പ്രകാരം 12500/- രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പശുവിനെ വാങ്ങിയ വില | അനുവദി ക്കാവുന്ന സബ് സിഡി | അനു വദിച്ച സബ് സിഡി | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | കുട്ടിയമ്മ, പുതുപുരക്കൽ മഠംത്തട്ട്, കുവേരി | 45000 | 22500 | 25000 | 2500 |
| 2 | അബ്ദുൾ റഹ്മാൻ ഓലിയന്റകത്ത്, ഞണ്ടുംബലം, പി.ഒ.ചപ്പാരപ്പടവ് | 40000 | 20000 | 25000 | 5000 |
| 3 | ജനാർദ്ദനൻ.കെ. തേറണ്ടി, കുവേരി | 40000 | 20000 | 25000 | 5000 |

12,500/- രൂപ അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.2/11-09-2018) പശുവിനെ വിറ്റതിന്റെ വിലച്ചീട്ടിൽ തെറ്റായി വില രേഖപ്പെടുത്തിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ, പർച്ചേസിംഗ് കമ്മിറ്റി എന്നിവർ പശുവിന്റെ പ്രായം ഗുണമേന്മ എന്നിവ പരിശോധിച്ച് 50000/- രൂപ മതിപ്പ് വില കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും വിശദീകരിക്കുകയുണ്ടായി. ഹാജരാക്കിയ രേഖകളിൽ പർച്ചേസിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ 50000/- രൂപ മതിപ്പു വിലയായി കണക്കാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ഉചിതമായ പരിശോധന നടത്തി അധികമയി തുക നല്കിയിട്ടുണ്ടെങ്കിൽ തിരകെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 12500/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ടിലെ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഉരുക്കളെ ആരുടെ പക്കൽ നിന്ന് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

മേൽ ഉത്തരവ് ഖണ്ഡിക 8.2. കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്ന് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സബ്സിഡി തുകമാത്രമാണ് വിൽക്കുന്നവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുള്ളൂ. മേൽ അപാകങ്ങൾ ഒഴിവാക്കാൻ തുക പൂർണ്ണമായും വില്പന നടത്തുന്ന വ്യക്തിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ഉചിതമായിരിക്കും

ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ മാർക്കുകൾ നല്കുന്നതിൽ ശരിയായ പരിശോധന നടത്തുന്നില്ല. വാർഷിക വരുമാനം 50000/- ൽ കുറഞ്ഞവർക്ക് 20 മാർക്കിന് അർഹതയുണ്ട്. എന്നാൽ ആയത് പരഗണിക്കാതെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 50000/- കൂടുതൽ വരുമാനം ഉള്ളവർക്കും 20 മാർക്ക് അനുവദിച്ചത് കാരണം പലരും അനർഹമായി മുൻഗണന ലിസ്റ്റിന്റെ മുന്നിൽ വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഷിക വരുമാനം |
|---|---|---|
| 1 | രോഹിണി, മൊത്തങ്ങ ഹൗസ് കുവേരി | 54000 |
| 2 | തെക്കേപുരയിൽ ലക്ഷ്മണൻ | 75000 |
| 3 | ശാന്ത.പി. പുതിയപുരയിൽ | 75000 |
| 4 | ലിസി തോമസ് | 96000 |
| 5 | മറിയാമ്മ ജോസഫ്,കൈതോട്ടുങ്കൽ | 84000 |
| 6 | മോഹനൻ ഒ.വി. ഓടം വളപ്പിൽ | 60000 |

തെറ്റായി മുൻഗണന ലിസ്റ്റ് തയ്യാറാക്കിയത് കാരണം അനർഹർ ലിസ്റ്റിൽ ഉൾപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ആട്ടുവളർത്തൽ പദ്ധതി-സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ച 9000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 53/2018 ആട്ടുവളർത്തൽ 2017-18 (പൊതു വിഭാഗം)

അടങ്കൽ - 7,20,000/-

വികസനഫണ്ട് ജനറൽ 3,60,000/-

ഗുണഭോക്തൃവിഹിതം 3,60,000/-

ചെലവ്- ബിൽ നമ്പർ 2/30-10-2017 1,50,000

5/15-11-2017 20,000

12/25-01-2018 90,000

18/24-02-2018 20,000

22/28-03-2018 40,000
ആകെ - 3,20,000

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ.(എം.എസ്.)80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖ.8.2.2 ആടുകളെ വാങ്ങുന്നതിന് 50% തുകയാണ് (പരമാവധി 10,000/- രൂപ) സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ സബ്സിഡി 50% ൽ പരിമിതപ്പെടുത്താതതിനാൽ താഴെ പറയും പ്രകാരം 9000/- രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിനെ വാങ്ങിയ വില | അനുവദിക്കാവുന്ന സബ്സിഡി | അനുവദിച്ച സബ്സിഡി | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | ശ്യാമള ചെനാംപറമ്പിൽ | 10000 | 5000 | 10000 | 5000 |
| 2 | ഫാത്തിമ.പി.ടി. ചോളന്റകത്ത് വീട് | 12000 | 6000 | 10000 | 4000 |

9,000/- രൂപ അധികം നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.3/11-09-2018) ആടിനെ വിറ്റതിന്റെ വിലച്ചീട്ടിൽ തെറ്റായി വില രേഖപ്പെടുത്തിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ, പർച്ചേസിംഗ് കമ്മിറ്റി എന്നിവർ പശുവിന്റെ പ്രായം ഗുണമേന്മ എന്നിവ പരിശോധിച്ച് 20000/- രൂപ മതിപ്പ് വില കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും വിശദീകരിക്കുകയുണ്ടായി. ഹാജരാക്കിയ രേഖകളിൽ പർച്ചേസിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ 20000/- രൂപ മതിപ്പു വിലയായി കണക്കാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ഉചിതമായ പരിശോധന നടത്തി അധികമയി തുക നല്കിയിട്ടുണ്ടെങ്കിൽ തിരകെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 9000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 ആട്ടുവളർത്തൽ പദ്ധതി(എസ്.ടി)- സബ്സിഡി സർക്കാർ നിർദ്ദേശിച്ച പരിധിയിലും കൂടുതൽ അനുവദിച്ചു. 3000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 361/2018 ആട്ടുവളർത്തൽ (എസ്.ടി)

അടങ്കൽ - 64,000/-

വികസന ഫണ്ട് (എസ്.സി) – 48,000/-

ഗുണഭോക്തൃവിഹിതം – 16,000/-

ചെലവ്- ബിൽ നമ്പർ 4/30-10-2017 12,000

8/15-11-2017 – 12,000

16/24-02-2018 – 20,000

സ.ഉ.(എം.എസ്.)80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖ.8.2.2 ആട്ടുകളെ വാങ്ങുന്നതിന് 75% തുകയാണ് (പരമാവധി 12,000/- രൂപ) സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ സബ്സിഡി 75% ൽ പരിമിതപ്പെടുത്താതതിനാൽ താഴെ പറയും പ്രകാരം 3,000/- രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിനെ വാങ്ങിയ വില | അനുവദി ക്കാവുന്ന സബ് സിഡി | അനു വദിച്ച സബ് സിഡി | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | തങ്കമ്മ ഗോപി, കല്ലാ മീൻപറ്റി വെള്ളാട്, കരുവൻചാൽ | 12,000 | 9,000 | 12,000 | 3,000 |

3,000/- രൂപ അധികം നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.5/11-09-2018) ആടിനെ വിറ്റതിന്റെ വിലച്ചീട്ടിൽ തെറ്റായി വില രേഖപ്പെടുത്തിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ, പർച്ചേസിംഗ് കമ്മിറ്റി എന്നിവർ പശുവിന്റെ പ്രായം ഗുണമേന്മ എന്നിവ പരിശോധിച്ച് 24,000/- രൂപ മതിപ്പ് വില കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും വിശദീകരിക്കുകയുണ്ടായി. ഹാജരാക്കിയ രേഖകളിൽ പർച്ചേസിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ 24,000/- രൂപ മതിപ്പു വിലയായി കണക്കാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ഉചിതമായ പരിശോധന നടത്തി അധികമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 3000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം-- (ചപ്പാരപ്പടവ് പി.എച്ച്.സി)

| | |
|---|---|
| (എ)പ്രോജക്റ്റിന്റെ പേര് | :ചപ്പാരപ്പടവ് പി.എച്ച്.സി.ക്ക് മരുന്നുവാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | :2/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. |
| അടങ്കൽ | :₹1,50,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നമ്പർ/തീയതി | :(1)6/17-18/23.010.2017 - ₹100000<br>(2)22/17-18/28.02.2018 – ₹30000<br>(3) 28/17-18/26.03.2018 – ₹18,900 |
| ആകെ | :₹1,48,900 |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ പി.എച്ച്.സി.ക്ക് ആവശ്യമായ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1,30,000രൂപ കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 98407/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 5418 | 20-11-2017 | 3061 |
| 2 | 5969 | 07-12-2017 | 28555 |
| 3 | 5972 | 07-12-2017 | 20271 |
| 4 | 8099 | 07-03-2018 | 7336 |
| 5 | 452 | 21-03-2018 | 4163 |

| | | | |
|---|---|---|---|
| 6 | 9077 | 21-03-2018 | 24859 |
| 7 | 271 | 17-05-2018 | 7575 |
| 8 | 2296 | 29-05-2018 | 2587 |
| ആകെ | | | 98407 |

ബാക്കി 31,593/- തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

| | |
|---|---|
| (ബി).പ്രോജക്ടിന്റെ പേര് | സ്വാന്തന പരിചരണ പരിപാടി |
| പ്രൊജക്ട് നമ്പർ | 4/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി.ചപ്പാരപ്പടവ് |
| അടങ്കൽ | ₹400000(വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം) |
| ബിൽ നമ്പർ/തീയതി | 14/17-18/08-02-2018 - ₹71225 |

മേൽ പദ്ധതി പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 46900/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 30,251/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 4146 | 03-07-2018 | 20505 |
| 2 | 5003 | 19-07-2018 | 8165 |
| 3 | 5233 | 24-07-2018 | 1581 |

ബാക്കി 16,649/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

കാല താമസം കൂടാതെ മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-15 മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം-- (ചപ്പാരപ്പടവ് ആയുർവേദ ഡിസ്പെൻസറി)

| | |
|---|---|
| 3)പ്രോജക്ടിന്റെ പേര് | :ചപ്പാരപ്പടവ് ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | :71/18 |
| നിർവ്വഹണഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ, ആയുർവേദം |
| അടങ്കൽ | :₹3,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നമ്പർ/തീയതി | :1/17-18 25.10.17 ₹300000 |

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ 3,00,000/- രൂപയുടെ മരുന്ന് ഔഷധിയിൽ നിന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. ഇതിനായി ഔഷധിക്ക് 04.11.2017 തീയതിയിൽ 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 2,75,456/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 90039388 | 08.11.2017 | 80562 |
| 2 | 90047848 | 05.01.2018 | 27881 |
| 3 | 90049307 | 18.01.2018 | 22394 |
| 4 | 90058112 | 16.03.2018 | 35718 |
| 5 | 90060023 | 24.03.2018 | 15929 |
| 6 | 90061014 | 30.03.2018 | 17779 |
| 7 | 90062569 | 31.03.2018 | 8342 |
| 8 | 90064051 | 19.05.2018 | 24882 |
| 9 | 90066067 | 26.05.2018 | 3937 |
| 10 | 90069677 | 19.06.2018 | 9812 |

| | | | |
|---|---|---|---|
| 11 | 90068352 | 14.06.2018 | 6431 |
| 12 | 90072616 | 12.07.2018 | 15584 |
| 13 | 90077071 | 10.08.2018 | 2132 |
| 14 | 90076542 | 07.08.2018 | 4073 |
| ആകെ | | | 275456 |

ബാക്കി 24,544/- രൂപയുടെ മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-16 ടാർവാങ്ങി നല്കി ഒന്നരവർഷം കഴിഞ്ഞിട്ടും റോഡ് പ്രവൃത്തി ആരംഭിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം വിവിധ പ്രവൃത്തികൾക്ക് പഞ്ചായത്ത് ടാർവാങ്ങി കൺവീനർ/ കരാറുകാർ എന്നിവർക്ക് നല്കിയിട്ടും താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ/ കൺവീനറുടെ പേര് | കരാറുകാരൻ കൈപ്പറ്റിയ തീയതി | ടാറിന്റെ വില | ട്രാൻസ്പോർ ട്ടേഷൻ ചാർജ് |
|---|---|---|---|---|---|
| 1 | അതിരുകുന്ന് ഓടക്കടവ് റോഡ് ടാറിംഗ് | തോമസ്.പി.ജെ | രേഖപ്പെടു ത്തിയിട്ടില്ല | 41898 | 2485 |
| 2 | കുറ്റിപ്പുഴ കരിങ്കല്ല് റോഡ് ടാറിംഗ് | ടി.കെ. ഗോപാലകൃഷ്ണൻ | 21-04-2017 | 58597 | 3061 |

പ്രവൃത്തി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/13.09.2018) പ്രവൃത്തി പൂർത്തിയാക്കാത്ത കൺവീനർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. 2016-17 വർഷം ടാർ വാങ്ങി നല്കി 2018 സെപ്തംബർ മാസമായിട്ടും പ്രവൃത്തി ആരംഭിക്കാത്തത് ഭരണസമിതി ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. എഗ്രിമെന്റ് വെച്ചിട്ടും പണി ആരംഭിക്കാത്ത

കൺവീനർമാർക്ക് എതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 കൺവീനർ മുഖാന്തിരം നടത്തിയ പ്രവൃത്തിക്ക് യഥാർത്ഥ നിരക്കിൽ പരിമിതപ്പെടുത്തിയിട്ടില്ല. 50991/- രൂപ അധികം നല്കി.

എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ എതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് അനുവദിക്കാവുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി ചെലവിൽ പരിമിതിപ്പെടുത്താതെ തുക അനുവദിച്ചത് കാരണം 50991/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

ചിമ്മിനിച്ചട്ട തുയിപ്ര ചപ്പാരപ്പടവ് റോഡ് റീടാറിംഗ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 175/2018 ചിമ്മിനിച്ചട്ട തുയിപ്ര ചപ്പാരപ്പടവ് റോഡ് റീടാറിംഗ് (0/000 – 1/600 നം ഇടയിൽ) |
| ബിൽ നമ്പർ/തീയതി തുക | 39/19-07-2017 |
| കൺവീനർ | വി.വി.ജോസഫ് വട്ടക്കുന്നേൽ, ചപ്പാരപ്പടവ് |
| എം.ബുക്ക് നമ്പർ | 6/17-18 |

| എം.ബുക്ക് പ്രകാരം അനുവദിച്ചത് | | കൺവീനർ ഹാജരാക്കിയ കണക്ക് പ്രകാരം അനുവദിക്കാവുന്നത് | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 4,89,331 | ടാർ വില ഒഴികെയുള്ള ചെലവ് | 2,25,350 |
| (-) 2.5% ഓവർഹെഡ് ചാർജ്ജ് | 12,233 | (+) ടാർ വില | 1,60,846 |
| പ്രവൃത്തി മൂല്യം | 4,77,098 | കടത്ത് കൂലി | 10,183 |
| | | 7.5% ഓവർഹെഡ് ചാർജ് | 29,728 |
| | | | 4,26,107 |
| അധികം നല്കിയത് (4,77,098-4,26,017) | | | 50,991 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 17/14-09-2018 ഹാജരാക്കിയ വരവ് ചെലവ് കണക്കിൽ ബിറ്റുമിൻ മിക്സിംഗ് പ്ലാന്റ് റോഡ് റോളർ സ്പ്രേയർ എന്നിവയുടെ ഹയർചാർജ് ഉൾപ്പെടുത്താത്തത് കാരണമാണ് എസ്റ്റിമേറ്റ് തുകയേക്കാൾ വരവ് ചെലവ് കണക്ക് കുറഞ്ഞതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഗുണഭോക്തൃസമിതി അംഗീകരിച്ച കണക്കിൽ ടാർവില ഒഴികെയുള്ള ചെലവ് 2,25,350/- മാത്രമാണ്. ഇക്കാര്യത്തിൽ ഭരണസമിതി ഉചിതമായ പരിശോധന നടത്തി തുക അധികം

നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 50,991/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 മരാമത്ത് പ്രവൃത്തികൾ - ചെലവ് അടങ്കൽ അടങ്കൽ തുകയുടെ 39.01% തുക മാത്രം

മരാമത്ത് പ്രവൃത്തികളിൽ അടങ്കൽ തുകയുടെ 39.01% തുക മാത്രമാണ് ചെലവഴിച്ചത്. വിവധ പ്രോജക്ടുകൾക്കായി ഫണ്ട് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് ചെയ്ത തുക | ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 4104841 | 1330046 | 32.40 |
| വികസനഫണ്ട് (എസ്.സി.പി.) | 1658379 | 963831 | 58.12 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 15053898 | 5467334 | 36.32 |
| ലോകബാങ്ക് സഹായം | 3536825 | 3243043 | 91.69 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1600000 | 0 | 0 |
| തനത് ഫണ്ട് | 3878178 | 2027777 | 52.29 |
| മെയിന്റനൻസ് റോഡ് | 47817639 | 19203715 | 40.16 |
| മെയിന്റനൻസ് നോൺറോഡ് | 5984910 | 854895 | 14.28 |
| ബ്ലോക്ക് പഞ്ചായത്ത് | 700000 | 0 | 0 |
| മറ്റുള്ളവ | 493236 | 0 | 0 |
| ആകെ | 84827906 | 33090641 | 39.01 |

നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | തയ്യാറാക്കിയത് | നടപ്പിലാക്കിയത് | ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 110 | 15 | 13.64 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 106 | 83 | 78.30 |
| ആകെ | 216 | 98 | 45.37 |

ഇതിൽ 17 പ്രോജക്ടുകൾ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിരുന്നെങ്കിലും 31-03-2018 ന് മുമ്പായി ബിൽ മാറുന്നതിന് സാധിച്ചിട്ടില്ല. ജി.ഒ.(എം.എസ്)നം.72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017 ഖ. 6.8.2. പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ പ്രവൃത്തി സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 13 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. പൂർത്തിയാക്കാൻ അവശേഷിക്കുന്ന 118 പദ്ധതികളിൽ 41 പദ്ധതികളിൽ പദ്ധതി വിഹിതം കണ്ടെത്താൻ കഴിയാതെ 2018-19 വർഷത്തിൽ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയ 30 ലക്ഷത്തിൽ അധികം രൂപയുടെ പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തിയാണ് 2018-19 ൽ പ്രോജക്ട് തയ്യാറാക്കേണ്ടി വന്നത്. ഇത് പദ്ധതി തയ്യാറാക്കുന്നതിലെ വീഴ്ചയാണ് കാണിക്കുന്നത്. പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ തന്നെ പദ്ധതി പൂർത്തികരിക്കുന്നുണ്ടെന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും സമയക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-19 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടിലല്ല.

ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി/01.02.2012 പ്രകാരം പ്രസിദ്ധീകരിച്ച പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112,2112-1 എന്നിവയിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

സമയം കരാറിന്റെ എസൻസാണ്. കരാറുകാരന്റെതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിന് എ ഇ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള time extension ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. ഒറിജിനൽ സമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവെങ്കിൽ അത്). പരമാവധി extension , original time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല.

കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ കാലാവധിക്കകം എ.ഇ. മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭിക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നല്കാവുന്നതല്ല. എന്നാല് പല ടാറിംഗ് പ്രവൃത്തികളും കരാറിൽ പൂർത്തീകരണ കാലാവധി ചേർക്കുന്നില്ല. ഒരുവർഷത്തിലധികം സമയമെടുത്ത്

പൂർത്തീകരിച്ചതും എന്നാൽ യാതൊരു പിഴ ഈടാക്കാത്തതുമായ ഏതാനും പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) തേറണ്ടി ശ്മശാനം ചെമ്മങ്ങാട റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 179/2018തേറണ്ടി ശ്മശാനം ചെമ്മങ്ങാട റോഡ് ടാറിംഗ് |
| അടങ്കൽ- | 211598/- മെയിന്റനൻസ് റോഡ് |
| ചെലവ് | 185786/- 95/28-03-2018 |
| കൺവിനറുടെ പേര് | കെ.കെ.ദിലീപ്, കരിപ്പാൽ |
| കരാർ തുക | 300000 |
| കരാർ തീയതി | 68/AE/LSGD/CGP/16-17 തീയതി 27-02-2017 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 16-03-2018 |
| എം.ബുക്ക് നമ്പർ. | 174/2017 |

2) കുവേരി ജി.എൽ.പി.എസ്. ആറാംവയൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 176/2018 കുവേരി ജി.എൽ.പി.എസ്. ആറാംവയൽ റോഡ് ടാറിംഗ് |
| അടങ്കൽ- | 302640/- മെയിന്റനൻസ് റോഡ് |
| ചെലവ് | 263668/- 96/28-03-2018 |
| കൺവിനറുടെ പേര് | ഉഷ.പി. പണ്ടാരൻ ഹൗസ് |
| കരാർ തുക | 350000 |
| കരാർ തീയതി | 16/AE/LSGD/CGP/16-17 തീയതി 25-01-2017 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 27-03-2018 |
| എം.ബുക്ക് നമ്പർ. | 175/2017 |

3) ആലത്തട്ട് ഞാറ്റുവയൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 181/2018 ആലത്തട്ട് ഞാറ്റുവയൽ റോഡ് ടാറിംഗ് |
| അടങ്കൽ- | 294418/- മെയിന്റനൻസ് റോഡ് |
| ചെലവ് | 267493/- 98/28-03-2018 |
| കൺവിനറുടെ പേര് | ബാലൻ.ടി.വി., ആലത്തട്ട്, ക്കുവേരി |
| കരാർ തുക | 350000 |
| കരാർ തീയതി | 16/AE/LSGD/CGP/16-17 തീയതി 25-01-2017 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 27-03-2018 |
| എം.ബുക്ക് നമ്പർ. | 175/2017 |

മേൽ വ്യവസ്ഥകൾ നിലനിൽക്കേ പ്രവൃത്തി നടത്തിയ കൺവിനർമാരിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

## 3-20 ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ : ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

നിർവഹണം:അസിസ്റ്റന്റ് എഞ്ചിനീയർ

1997 ലെ കേരളപഞ്ചായത്തീരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടത്. എന്നാൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളിൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പാടുള്ളൂ. എന്നാൽ അത്തരത്തിൽ അക്കൗണ്ട് ആരംഭിച്ചതു സംബന്ധിച്ച രേഖകൾ മാത്രമേ ഫയലിൽ കാണുന്നുള്ളൂ. മാത്രമല്ല ഫൈനൽ ബിൽ സമർപ്പിക്കുമ്പോൾ ഗുണഭോക്തൃസമിതിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് പാസ് ബുക്ക് പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

2) ഗുണഭോക്തൃ സമിതി മിനുട്സ് ബുക്ക് പരിശോധിച്ചതിൽ, സമിതികൾ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിന് യഥാസമയം യോഗം ചേരുന്നതായി കാണുന്നില്ല.

ഗുണഭോക്തൃസമിതികൾ രൂപീകരണത്തിനു ശേഷം പ്രവൃത്തിയുടെ വരവു ചെലവു കണക്കുകൾ അവതരിപ്പിക്കുന്നില്ല.

വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്ത കൺവീനർ പ്രവൃത്തികളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | കൺവീനർ | ബിൽ നമ്പർ തുക |
|---|---|---|---|---|
| 1 | 224/2018രാമപുരം ആഗ്രോ ക്ലിനിക്ക് മോട്ടോർ സ്ഥാപിക്കൽ | 40000 മെയിന്റനൻസ് നോൺറോഡ് | കെ.ദാമോദരൻ | 33674/- 1/30-06-2017 |
| 2 | 210/2018കുട്ടിക്കരി അംഗൻവാടി റിപ്പയർ | 100000 മെയിന്റനൻസ് നോൺറോഡ് | സി.എം.ഹംസ | 85829/- 2/30-06-2017 |
| 3 | 211/2018 തേറണ്ടി ഭരണി ചേതന കേന്ദ്രം | 94945 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10163 മെയിന്റനൻസ് നോൺറോഡ് | ഭനുപ്രകാശ്.കെ. | 10163/- 4/30-06-2017 73945/- 5/30-06-2017 |
| 4 | 209/2018 എടക്കോം ആനയാട്ട് മല കുടിവെള്ള പദ്ധതി | 335566 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ജോസഫ് പാലത്ര | 237179 3/30-06-2017 |

3)ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്ടിൽ പറഞ്ഞ ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയായിരിക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തി ഫയലുകളിലൊന്നും തന്നെ ഗുണഭോക്തൃ സമിതിയിലെ അംഗങ്ങൾ ഗുണഭോക്തൃ പ്രദേശത്തെ നിവാസികളാണെന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല

4) ദൈനംദിന ഡയറി തയ്യാറാക്കുന്നില്ല. പ്രവൃത്തി നിർവഹണത്തിൽ ഓരോദിവസവും നടക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ ഒരു ദൈനംദിന ഡയറിബുക്ക് സൂക്ഷിക്കണം.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ

പ്രവൃത്തികൾ യഥാർത്ഥ ഗുണഭോക്തൃ സമിതികൾ തന്നെ നടപ്പാക്കിയതാണെന്ന് വ്യക്തമല്ല. ചട്ടങ്ങളിലെയും മാർഗ്ഗരേഖകളിലെയും വ്യവസ്ഥകൾ പാലിക്കപ്പെടാതിരിക്കുന്നത് സമിതികളുടെ പ്രവർത്തനം സുതാര്യമല്ലെന്ന് വ്യക്തമാക്കുന്നു.

ഗുണഭോക്തൃ സമികൾ മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധക്ഷണിക്കുന്നു.

## 3-21 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

2014–ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ആയത് കണക്കാക്കി ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | വയോജന വിശ്രമകേന്ദ്രം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 200000 | പൊതു ശ്മശാനം | | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 175000 | സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 285760 | ക്ഷീരകർഷകർക്ക് സബ്സിഡി | | 285760 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 90000 | ക്ഷീരകർഷകർക്ക് സബ്സിഡി | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 22500 | നെൽകൃഷി | 22500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17-18 | 170000 | ക്ഷീരകർഷകർക്ക് | 169758 | 242 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ജില്ലാപഞ്ചായത്ത് | 17-18 | 308675 | ക്ഷീരകർഷകർക്ക് സബ്സിഡി | 285760 | |
| | | | കാർഷിക യന്ത്രവൽക്കരണം | 22500 | 415 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | അതിരുകുന്ന് എസ്.സി.കോളനി കുഴൽകിണർ നിർമ്മാണം | 69/14-02-18 | 31000 | 31000 | 0 |
| | വിവിധവാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 70/14-02-18 | 695000 | 695000 | 0 |
| | എരുവാട്ടി കുഴൽകിണർ നിർമ്മാണം | 71/14-02-18 | 74000 | 74000 | 0 |
| | ഉറൂട്ടേരി കുഴൽകിണർ നിർമ്മാണം | 72/14-02-18 | 80000 | 80000 | 0 |
| | ബാലപുരം എസ്.സി. കോളനി | 73/14-02-18 | 85000 | 85000 | 0 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ–
ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ് -
ഇല്ല

## 4-5 സ്ഥിര നിക്ഷേപം
ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി
ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം
ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72624708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67936657 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,09,745 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 7200 | ഗീത ഇല്ലത്ത്, ഐ.സി.ഡി.എസ് |

| | | | |
|---|---|---|---|
| | | | സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 72355 | ശ്രീ.ജയപ്രകാശ്.പി.കെ, വി.ഇ.ഒ |
| 3-2 | 217800 | ശ്രീ.സുരേന്ദ്രൻ. ടി.വി, വി.ഇ.ഒ |
| 3-3 | 375000 | ശ്രീ.ജയപ്രകാശ്.പി.കെ, വി.ഇ.ഒ |
| 3-4 | 775000 | ശ്രീ.ജയപ്രകാശ്.പി.കെ, വി.ഇ.ഒ |
| 3-9 | 6800 | ശ്രീമതി.മായാജ്യോതി, ഐ.സി.ഡി.എസ് .സൂപ്പർവൈസർ |
| 3-10 | 208500 | ശ്രീമതി.മായാജ്യോതി, ഐ.സി.ഡി.എസ് .സൂപ്പർവൈസർ |
| 3-11 | 12500 | ഡോ.സമീർ.കെ, വെറ്റിനറി സർജൻ |
| 3-12 | 9000 | ഡോ.സമീർ.കെ, വെറ്റിനറി സർജൻ |
| 3-13 | 3000 | ഡോ.സമീർ.കെ, വെറ്ററിനറി സർജൻ |
| 3-17 | 50991 | ശ്രീ.ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1809745 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരംഃ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-17 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ

പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ | ഗ്രീഷ്മ<br>CSI ചർച്ചിന് സമീപം,കരുവാച്ചേരി നീലേശ്വരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | നം.എൽ.എഫ്/കെ. എൻ.ആർ/സി1-1412/2009 തീയ്യതി 20-11-2009 | 1 | |
| 2009-10,10-11 | നം.എൽ.എഫ്/കെ. എൻ.ആർ/സി6-1242/13 തീയ്യതി 17-10-13 | 6 | |
| 2011-12,2012-13 | നം.എൽ.എഫ്/കെ. എൻ.ആർ/സി6-1358/14 തീയ്യതി 20.09.2014 | 10 | |
| 2013-14,14-15 | നം.കെ.എസ്.എ/കെ. എൻ.ആർ/സി6-1224/17 തീയ്യതി 25-07-16 | 15 | |
| 2015-16 | നം.കെ.എസ്.എ/കെ. എൻ.ആർ/സി6-2041/2016 തീയ്യതി 29-12-16 | 19 | |

| | | | |
|---|---|---|---|
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13-1278/2017 തീയ്യതി 20-09-17 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/1737/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 05.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF

# CHAPPARAPADAVU GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 33758577<br>69537 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1040350 |
| 130000000 | Rental Income from Panchayath Propert | RP-3 | 3750 |
| 140000000 | Fees & User Charges | RP-4 | 500988 |
| 150000000 | Sale & Hire Charges | RP-5 | 258284 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 5909725126 |
| 171000000 | Interest Earned | RP-9 | 226972 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4804847 |
| 350000000 | Other Liabilities | RP-36 | 65388 |
| Non operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 648 |
| 340000000 | Earmarked Fund | RP-29 | 613 |
| 350000000 | Deposits Received | RP-34 | 159897 |
| 431000000 | Other Liabilities | RP-36 | 261354 |
| 460000000 | Sundry Debtors (Receivables) | RP-43 | 5424147 |
| 460000000 | Loans,Advances and Deposits | RP-47 | 152344 |
| Grand Total | | | |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3294606 |
| 220000000 | Administrative Expenses | RP-12 | 899401 |
| 230000000 | Operations & Maintenance | RP-13 | 7290086 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7063694 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11660162 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2284673 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1215969 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 511890 |
| 255000000 | Maintance Projects | RP-20 | 15299362 |
| 280000000 | Prior period item | RP-26 | -6769 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4956 |
| 350000000 | Other Liabilities | RP-36 | 4767465 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 36416 |
| 280000000 | Prior Perid Items | RP-26 | -1 |
| 311000000 | Earmarked Funds | RP-29 | 2000 |
| 330000000 | Secured Loans | RP-32 | 2310360 |
| 340000000 | Deposits Received | RP-34 | 44675 |
| 350000000 | Other Liabilities | RP-36 | 1909318 |
| 410000000 | Fixed Assets | RP-38 | 8520395 |
| 412000000 | Capital Work in Progress | RP-40 | 89182 |
| 460000000 | Loans, Advances and Deposits | RP-47 | 738316 |
| 431000000 | Sundry debtors receivables | RP-43 | |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 38245907<br>270258 |
| Grand Total | | | 106452822 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF CHAPPARAPADAVU GRAMA PANCHAYAT FOR THE PERIOD FROM 01-04-2017 TO 31-03-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4377041 |
| 130000000 | Rental Income from panchayat properties | I-3 | 185670 |
| 140000000 | Fees & User Charges | I-4(b) | 691548 |
| 150000000 | Sale & Hire Charges | I-5(b) | 258284 |
| 160000000 | Revenue Grants, Funds, Contributions&Compensations | I-6 | 117920725 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 226972 |
| 180000000 | Other Income | I-9 | 648 |
| A | Total Income | | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9515765 |
| 220000000 | Administrative Expenses | I-11(b) | 899401 |
| 230000000 | Operations & Maintenance | I-12(b) | 7290086 |
| 240000000 | Interest & Finance Charges | I-13 | 36416 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 9969691 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 11112037 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2788458 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1215969 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 54132190 |
| 255000000 | Maintance Projects | I-14(e) | 15299362 |
| 270000000 | Provisions & Writeoff | I-16 | 1154 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 22910963 |
| B | Total Expenditure | | 135171492 |
| C=A-B | Gross Surplus / Defict Income over Expenditure | | -11510604 |
| D= 280000000 | Prior Period Item | I-18 | -427455 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 11083149 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-3

# BALANCE SHEET OF CHAPPARAPADAVU GRAMA PANCHAYAT AS ON 31-03-2018

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 20402958.35 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 1298 |
| 312000000 | Reserves | B-3 | 67038804 |
| | Total Reserve & Surplus | | 87443060.35 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3484767 |
| | Total Grants,Contribution for specific purposes | | 3484767 |
| | Loans | | |
| 330000000 | Secured Loans | B-5 | 2129925 |
| | Total Loans | | 2129925 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1559850 |
| 350000000 | Other Liabilities | B-9 | 1053442.5 |
| | Total Current Liabilities and Provisions | | 2613292.5 |
| | TOTAL LIABILITIES | | 95671044.85 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 91860389 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -37323898 |
| 412000000 | Capital Work In Progress | B-11(a) | 63169 |
| | Total Fixed Assets | | 54599666 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 189266.85 |
| 440000000 | Pre-Paid Expenses | B-16 | 2129925 |
| 450000000 | Cash and Bank balance | B-17 | 38516165 |
| 460000000 | Loans, Advances and Deposits | B-18 | 236022 |
| | Total Current Assets, Loans and Advances | | 41071378.85 |
| | TOTAL ASSETS | | 95671044.85 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.